# المركز الإصلاحي الهندي بالرياض

# RIYADH INDIAN ISLAHI CENTER

## വിശുദ്ധ ഖുർആനും പ്രവാചക ചര്യയും മുറുകെ പിടിക്കുക : ശൈഖ് അബ്ദുറഹ്മാൻ അൽ ഈദാൻ

റിയാദ് : മനുഷ്യ സമൂഹത്തിന് മാർഗ്ഗദർശനം നൽകാനായി അവതരിക്കപ്പെട്ട ദൈവീക ഗ്രന്ഥമായ **വിശുദ്ധ ഖുർആനും അതിന്റെ പ്രായോഗിക വിവരണമായ പ്രവാചകചര്യയും ആധാരമാക്കി ജീവിക്കേണ്ടവരാണ് മുസ്ലിംകൾ എന്നും അതിന്റെ അഭാവമാണ് മുസ്ലിം സമൂഹത്തിനിടയിൽ അനാചാരങ്ങൾ പ്രചരിക്കാൻ കാരണമായതെന്നും** സഊദി അറേബ്യയിലെ പ്രമുഖ പണ്ഡ്ഢിതനായ ശൈഖ് അബ്ദുറഹ്മാൻ അൽ ഈദാൻ പ്രഖ്യാപിച്ചു. മാർച്ച് 6 മുതൽ ഏപ്രിൽ 3 വരെ റിയാദ് ഇന്ത്യൻ ഇസ്ലാഹി സെന്റർ സംഘടിപ്പിച്ച''നബിദിനാഘോഷം അനിസ്ലാമികം'' എന്ന കാമ്പയിന്റെ സമാപന സമ്മേളനം ഉത്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മതപരമായ മുഴുവൻ കാര്യങ്ങളും സമൂഹത്തെ പഠിപ്പിക്കുകയും പ്രാവർത്തികമാക്കി മാതൃക കാണിക്കുകയും ചെയ്ത ആ മഹാൻ തന്റെ ജൻമദിനം ആഘോഷിക്കുകയോ,അതിനായി കൽപ്പിക്കുകയോ ചെയ്തിട്ടില്ല. അവിടുത്തെ അനുചരൻമാരോ പത്നിമാരോ,പൂർവ്വസൂരികളായ താബിഉകളോ അപ്രകാരം ജന്മദിനാഘോഷം കൊണ്ടാടിയില്ല. അതിനാൽതന്നെ ആ നൂതനാചരങ്ങളിൽനിന്ന് മുസ്ലിം സമുദായം അകന്നിരിക്കണമെന്നും പുണ്യാത്മാക്കളുടെ ജന്മദിനം ആഘോഷിക്കുന്ന നടപടിക്രമം മറ്റു മതസ്ഥരിൽ നിന്ന് ഇസ്ലാമിലേക്ക് കടന്നുവന്നതാണെന്നും പ്രമാണങ്ങളുടെ പിമ്പലമില്ലാത്തതിനാൽ അത് വർജ്ജിക്കേണ്ടതാണെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. പ്രൗഢമായ പ്രഭാഷണം സബാഹ് മൗലവി ഭാഷാന്തരം ചെയ്തു.

അന്ത്യപ്രവാചകൻ മുഹമ്മദ്(സ)യോടുള്ള സ്നേഹപ്രകടനത്തിന്റെ പേരിൽ ആ മഹാന്റെ ജന്മദിനം ആഘോഷിക്കുന്ന സമ്പ്രദായം ഇസ്ലാമിക പ്രമാണങ്ങളുടെ പിമ്പലമില്ലാത്തതിനാൽ അത് അനിസ്ലാമികമാണെന്നും മുസ്ലിം സമുദായം അത്തരം ആഘോഷങ്ങളും അതിനോടനുബന്ധിച്ച് ഘോഷയാത്രകൾ സംഘടിപ്പിക്കുന്നതും ഒഴിവാക്കേണ്ടതാണെന്നും കെ.എൻ.എം.സംസ്ഥാന സെക്രട്ടറി ജനാബ് അബ്ദുറഹ്മാൻ സലഫി അഭിപ്രായപ്പെട്ടു. സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.

വഴിതെറ്റുന്ന കൗമാരവും രക്ഷിതാക്കളുടെ ബാധ്യതയും എന്ന വിഷയത്തെ കുറിച്ച് ഡോക്ടർ സകരിയ്യ സ്വലാഹി നടത്തിയ പ്രഭാഷണം സന്താനങ്ങളുടെ സൻമാർ ഭ്രംശനത്തെ കുറിച്ച് പരിതപിക്കുന്ന മാതാപിതാക്കൾക്ക് വിലപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു.

മലയാളം ന്യൂസ് റിപ്പോർട്ടർ ഇഖ്ബാൽ ,ജീവൻ ടി.വി. പ്രതിനിധി ബഷീർ പാങ്ങോട് എം.ഇ.എസ് പ്രതിനിധി അഷ്റഫ് ഒതായ് ,സലഫി മദ്റസ പി.ടി.എ.പ്രസിഡണ്ട് താണിക്കൽ മുഹമ്മമത് മാസ്റ്റർ,എന്നിവർ പ്രസംഗിച്ചു.

റിയാദ് ഇന്ത്യൻ ഇസ്ലാഹി സെന്റർ പ്രസിഡണ്ട് ജനാബ് അബ്ദുസ്സലാം അരീക്കോട് അദ്ധ്യക്ഷത വഹിച്ചു. അബ്ദുറസാഖ് സ്വലാഹി സ്വാഗതവും അബൂബക്കർ എടത്തനാട്ടുകര നന്ദിയും പ്രകാശിപ്പിച്ചു.